# നട്ടറിനെ വളർത്താമോ

മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in





? നട്ടർ മീനുകളെ വളർത്താൻ അനുമതിയുള്ളതാണോ. ഇവയുടെ സവിശേഷതകളെന്തൊക്കെ. എവിടെയെല്ലാം കൃഷി ചെയ്യാം. എന്തെല്ലാം മുൻകരുതൽ എടുക്കണം.

ശ്യാംകൃഷ്ണൻ, ആലപ്ര

● നട്ടർ അഥവാ പാക്കൂ എന്നറിയപ്പെടുന്ന മത്സ്യത്തിന്റെ ശാസ്ത്രനാമം പയാറാക്ടസ് ബ്രാക്കിപോമസ്. തെക്കേ അമേരിക്കയിലെ ആമസോൺ, ഒറിനോക്കോ ജലാശയങ്ങളിൽ കണ്ടുവന്നിരുന്ന ഇവയുടെ കൃഷി വ്യാപകമായതോടെ ലോകത്തിലെ മിക്ക ജലാശയങ്ങളിലും ഇന്ന് ഇതിന്റെ സാന്നിധ്യമുണ്ട്. നട്ടർകൃഷിക്ക് അനുമതി നൽകി കഴിഞ്ഞ മാസമാണ് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത്. പിരാന്ന എന്നു മറ്റൊരു പേരും. വലിയ പല്ലുകളുള്ളതിനാൽ മനുഷ്യരെ ആക്രമിക്കുന്ന മത്സ്യമായാണ് ഇതിനെ കണ്ടിരുന്നത്. എന്നാൽ ഈ ധാരണ ശരിയല്ല. മിശ്രഭുക്കുകളായ നട്ടറുകളെ എല്ലാത്തരം തീറ്റയും നൽകി ടാങ്കുകളിലോ കുളങ്ങളിലോ വളർത്താം.

സ്വാഭാവിക ജലാശയങ്ങളിൽ വളർത്തുകയാണെങ്കിൽ കുളം ഉണക്കി വളപ്രയോഗം നടത്തി വേണ്ടത്ര പ്ലവകങ്ങൾ ഉണ്ടാക്കിയശേഷം മാത്രം കുഞ്ഞുങ്ങളെ നിക്ഷേപിക്കണം. പടുതക്കുളങ്ങളിൽ വളർത്തുമ്പോൾ പടുതയും എയർ കൊടുക്കാനിടുന്ന വയറും മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും കടിച്ചു പൊട്ടിക്കുന്നതായി കാണുന്നു. അതിനാൽ തക്ക മുൻകരുതലുകൾ വേണം. 8 സെ.മീ. എങ്കിലും വലുപ്പമുള്ള കുഞ്ഞുങ്ങളെ വേണം നിക്ഷേപിക്കാൻ. 8-10 മാസം കൊണ്ടുതന്നെ വിളവെടുക്കാം. ജലത്തിന്റെ ഗുണനിലവാരം അൽപം കുറഞ്ഞാലും അതിജീവിക്കുമെന്ന സവിശേഷത ഇവയ്ക്കുണ്ട്.